<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5107**</u> <u>**20-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**അരൂർ മണ്ഡലത്തിലെ പുറംപോക്ക് ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് കിടക്കുന്ന പുറംപോക്ക് ഭൂമി ആരോഗ്യവകുപ്പിന് കൈമാറുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിനായി നിലവിൽ കെട്ടിടം നിലകൊള്ളുന്ന സ്ഥലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ 12.06.2024-ൽ ജില്ലാ കളക്ടർക്ക് കത്ത് സമർപ്പിച്ചിട്ടുള്ളതാണ്. അതോടൊപ്പം സമർപ്പിച്ചിട്ടുള്ള റിക്വസിഷൻ ഫോമിൽ പരാമർശിച്ചിട്ടുള്ള സർവ്വെ നമ്പർ 22/18 B, 22/18 C, 22/18 D, 22/18 E, 22/18 F ൽ യഥാക്രമം 12.95, 3.64, 00.81, 2.02, 4.45, 6.07, 9.71 ആർസ് വിസ്തീർണ്ണം വരുന്ന വസ്തുക്കൾ ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറി നൽകുവാൻ കഴിയുന്നതാണോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചേർത്തല തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള അരൂർ സൗത്ത് സബ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അരൂർ വില്ലേജിൽ സർവ്വെ നമ്പർ 104/6 ൽ പ്പെട്ട 19.83 ആർസ് സ്ഥലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലേക്ക് ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറി നൽകുന്നതിലേക്കായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ 11.06.2024 ൽ അപേക്ഷയും അർത്ഥനാപത്രവും സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്മേൽ ജില്ലാ കളക്ടർ അന്വേഷണം നടത്തിയതിൽ സർവ്വെ 104/6 ൽ പ്പെട്ട കുളം പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം 4.10 ആർസ് ആണെന്ന് ചേർത്തല ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ടി വിഷയത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കാവുന്നതാണോയെന്ന് വ്യക്തമായ ശുപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ചേർത്തല ഭൂരേഖ തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഭൂമി കൈമാറ്റത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ടി വിഷയം സംബന്ധിച്ച് നിലവിൽ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ